# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2688** **18.08.2017-ൽ മറുപടിയ്ക്ക്**

## ഐ.റ്റി.അധിഷ്ഠിത പാഠ്യപദ്ധതി

**ചോദ്യം**

ശ്രീ . ഷാഫി പറമ്പിൽ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. അനൂപ് ജേക്കബ്
ശ്രീ. സണ്ണി ജോസഫ്

**ഉത്തരം**

പ്രൊഫ : സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) പുതിയ അദ്ധ്യയനവർഷം സംസ്ഥാനത്തെ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ ഐ.റ്റി.അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ് ;

എ) ഉണ്ട്. ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലേയ്ക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകം, അദ്ധ്യാപകർക്കുള്ള ഐ.സി.ടി. പരിശീലനം, പ്രൈമറി ക്ലാസ്സുകളിലും സ്കൂൾ ഐ.ടി.കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കൽ, പ്രൈമറിതലം ഉൾപ്പെടെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ബ്രോഡ്ബാൻറ് ഇൻറർനെറ്റ്, 'സമഗ്ര' റിസോഴ്സ് പോർട്ടൽ, ഡിജിറ്റൽ ഉള്ളടക്കം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി.അധിഷ്ഠിത പാഠ്യപദ്ധതിയ്ക്കായി നടപ്പിലാക്കിയിട്ടുണ്ട്.

ബി) സംസ്ഥാനത്ത് എത്ര ശതമാനം സ്കൂളുകളിൽ ബ്രോഡ്ബാൻറ് ഇന്റർനെറ്റ് കണക്ഷൻ ഇതിനകം നൽകിയിട്ടുണ്ട്;

ബി) സംസ്ഥാനത്തെ 93% സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ബ്രോഡ്ബാൻറ് ഇൻറർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

സി) ഈ പദ്ധതി നടപ്പിലാക്കിയത് മൂലം സംസ്ഥാനത്തെ സർക്കാർ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ ;

സി) പരിശോധന ഔദ്യോഗികമായി നടത്തിയിട്ടില്ല

| | |
|---|---|
| ഡി) സർക്കാർ സ്കൂളുകളിലെ ഒന്ന മുതൽ പത്ത വരെയുള്ള ക്ലാസുകളിൽ എത്ര ശതമാനം വിദ്യാർത്ഥികളാണ് കഴിഞ്ഞ അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുള്ളത്? | ഡി) സർക്കാർ സ്കൂളുകളിലെ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ച് 5.31% കുട്ടികളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ